ഇ.എം(3)3207/2019 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി,**25/02/2021**

**<u>സർക്കുലർ നമ്പർ 14 /2021</u>**

വിഷയം -സഹകരണം - പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന - സർക്കാരിന്റെ 15.02.2021 ലെ സ.ഉ.(പി)നം.32/2021 സഹ.നം. ഉത്തരവ്

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും, അലവൻസുകളും 01.04.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവിലെ ചില വ്യവസ്ഥകൾക്ക് ചുവടെ പറയും പ്രകാരം കൂടുതൽ വ്യക്തത നൽകുന്നു.

1. എല്ലാ ജീവനക്കാരുടെയും അടിസ്ഥാന ശമ്പളം 1-4-2019 പ്രാബല്യത്തിൽ പരിഷ്കരിക്കപ്പെടുന്നതിനാൽ ഓപ്ഷൻ അനുവദനീയമല്ല. 01.04.2019 ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം, അന്ന് നിലവിലുണ്ടായിരുന്ന 127% ക്ഷാമബത്തയുടെ 45% ക്ഷാമബത്ത ലയിപ്പിച്ച ശേഷം ലഭിയ്ക്കുന്ന തുകയുടെ 7% ഫിറ്റ്മെന്റ് ബെനഫിറ്റ് ആയും,പൂർത്തീകരിച്ച ഓരോ വർഷത്തെ സേവനത്തിനും നിലവിലുണ്ടായിരുന്ന അടിസ്ഥാന ശമ്പളത്തിന്റെ 1/2 % എന്ന കണക്കിൽ പരമാവധി 12 % സർവ്വീസ് വെയിറ്റേജ് എന്നിവ കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്ന തുക പരിഷ്കരിച്ച ശമ്പള സ്കെയിലിൽ ഒരു സ്റ്റേജ് ആണെങ്കിൽ അതിലും അല്ലെങ്കിൽ തൊട്ടടുത്ത സ്കെയിലിലും ശമ്പളനിർണ്ണയം നടത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുക പരിഷ്കരിച്ച സ്കെയിലിന്റെ ഏറ്റവും കുറഞ്ഞ തുകയെക്കാൾ കുറവാണെങ്കിൽ പരിഷ്കരിച്ച സ്കെയിലിന്റെ മിനിമത്തിൽ അടിസ്ഥാന ശമ്പളം നിശ്ചയിക്കേണ്ടതാണ്.
2. സർവ്വീസ് വെയിറ്റേജ് അനുവദിക്കുന്നതിന് യോഗ്യ സേവനകാലമായി പരിഗണിക്കേണ്ടത് ഇൻക്രിമെന്റിനും, ഹയർഗ്രേഡിനും അർഹതയുള്ള കാലയളവ് മാത്രമായിരിക്കും.അംഗീകാരം ലഭിച്ചിട്ടുള്ള തസ്തികയിൽ നിയമാനുസൃതം സ്കെയിൽ ഓഫ് പേയിൽ നിയമിക്കപ്പെട്ടിട്ടുള്ള PTS ന് മറ്റ് ഉയർന്ന തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ചിട്ടുണ്ടെങ്കിൽ PTS സേവനം മുതൽ യോഗ്യതാകാലമായി പരിഗണിക്കാവുന്നതാണ്.
3. ശമ്പള നിർണ്ണയത്തിന് ശേഷം പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാന ശമ്പളമായി വാങ്ങുന്ന ജീവനക്കാർക്ക് അവസാനം വാങ്ങിയ ഇൻക്രിമെന്റിന്റെ നിരക്കിൽ പരമാവധി 5 സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്. ആയതിൽ ആദ്യത്തെ നാല് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ വാർഷികവും, അഞ്ചാമത്തേത് രണ്ട് വർഷത്തിലൊന്നും ആയിരിയ്ക്കേണ്ടതാണ്.സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കുമ്പോൾ മാസ്റ്റർ സ്കെയിലിന്റെ പരമാവധിയിൽ അധികരിയ്ക്കുവാൻ പാടില്ല.
4. ശമ്പളപരിഷ്കരണ തീയതി മുതൽ പരിഷ്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത കണക്കാക്കി നൽകേണ്ടത് .എന്നാൽ ടി

തീയതി വരെ പഴയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത അനുവദിക്കേണ്ടത്. 1.4.2019 ലെ ക്ഷാമബത്ത 57% ഉം തുടർന്നുള്ള ക്ഷാമബത്ത(1-7-2020 വരെയുള്ളത്) 19.2.2021 ലെ സ.ഉ(സാധാ)നം.135/2021/സഹ നം. സർക്കാർ ഉത്തരവ് പ്രകാരവുമായിരിയ്ക്കും.

5. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പൊതുവായി മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകുന്നതുവരെ പ്രതിവർഷം 4000 രൂപ മെഡിക്കൽ അലവൻസ് അനുവദിക്കാവുന്നതാണ്. ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 28/76-ാം നം. സർക്കുലർ നിർദ്ദേശം പാലിക്കേണ്ടതാണ്.
6. ഓരോ തസ്തികകൾക്കും നിശ്ചയിക്കപ്പെട്ട വിദ്യാഭ്യാസ യോഗ്യതകൾക്ക് ഉപരിയായി ജീവനക്കാർക്ക് എം.ബി.എ, എം.സി.എ, സി.എ എന്നീ അധിക യോഗ്യതകളിൽ ഏതെങ്കിലും ഉണ്ടെങ്കിൽ ഒരു അഡിഷണൽ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്. ടി യോഗ്യതകൾ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ചതായിരിക്കണം. എന്നാൽ പ്രസ്തുത അഡീഷണൽ ഇൻക്രിമെന്റ് ക്ഷാമബത്ത ഉൾപ്പെടെയുള്ള മറ്റ് സർവീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ പാടില്ലാത്തതും അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ജീവനക്കാരന്റെ ഇൻക്രിമെന്റ് നിരക്ക് മാറുന്നത് അനുസരിച്ച് അഡീഷണൽ ഇൻക്രിമെന്റ് തദനുസരണമായി വർദ്ധിപ്പിച്ച് നൽകാവുന്നതാണ്.
7. സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന അതേ നിരക്കിലും, വ്യവസ്ഥയിലും കണ്ണട അലവൻസ് അനുവദിക്കാവുന്നതാണ്.ഇതിനായി 16-9-85 ലെ ജി.ഒ(പി)515/85/ഫിൻ നമ്പർ ഉത്തരവിന് അനുസൃതമായി ഒരു അംഗീകൃത ഡോക്ടറിൽ നിന്നും ലഭിയ്ക്കുന്ന Essentiality Certificate,Voucher എന്നിവ ഹാജരാക്കേണ്ടതാണ്.കണ്ണട അലവൻസ് നൽകിയ വിവരം തീയതി ഉൾപ്പെടെ ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.
8. സംഘത്തിൽ ക്യാഷ് കൈകാര്യം ചെയ്യുവാൻ നിയോഗിക്കപ്പെടുന്ന കാഷ്യർ തസ്തികയിലെ ജീവനക്കാർക്ക് മാത്രമാണ് സർക്കാർ നിരക്ക് പ്രകാരം റിസ്ക് അലവൻസിന് അർഹതയുള്ളത്.മറ്റ് അലവൻസുകൾ സർക്കാർ നിരക്കിൽ അനുവദിക്കാവുന്നതാണ്.
9. ജൂനിയർ ക്ലാർക്ക്/ടൈപ്പിസ്റ്റ് കാറ്റഗറിയിൽ താഴെയുള്ള സബ് -സ്റ്റാഫ് വിഭാഗത്തിൽ നിയമിക്കപ്പെട്ട് അതേ വിഭാഗത്തിൽ തുടരുന്ന ജീവനക്കാർക്ക് പൂർത്തിയാക്കിയ 8,16,23,28 വർഷങ്ങളിലെ യോഗ്യസേവനകാലത്തിന് ഒന്നുവീതം ആകെ 4 ഹയർഗ്രേഡുകൾ അനുവദിക്കാവുന്നതാണ്. ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നേരിട്ട് നിയമിക്കപ്പെട്ടവർക്ക് 8 വർഷത്തിന് ഒന്ന്, 16 വർഷത്തിന് രണ്ട് എന്നിങ്ങനെ ആകെ 2 സമയബന്ധിത ഹയർഗ്രേഡുകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
10. സിറ്റി കോമ്പൻസേറ്ററി അലവൻസ് സർക്കാർ നിരക്കിൽ അനുവദിക്കാവുന്നതാണ്.എന്നാൽ 1-4-2021 മുതൽ പ്രാബല്യത്തിൽ സർക്കാർ ജീവനക്കാർക്ക് ടി അലവൻസ് നിറുത്തലാക്കിയ സാഹചര്യത്തിൽ ടി തീയതി മുതൽ സംഘം ജീവനക്കാർക്കും സിറ്റി കോമ്പൻസേറ്ററി അലവൻസിന് അർഹത ഇല്ലാത്തതാണ്.
11. ഇൻക്രിമെന്റിന് അർഹതയുള്ള സേവനകാലവും , മൊത്തവേതന വ്യവസ്ഥയിലുള്ള നിയമനത്തെ തുടർന്ന് ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ടെങ്കിൽ, മൊത്തവേതന വ്യവസ്ഥയിലുള്ള സർവീസ് പരമാവധി ഒരു വർഷവും ഹയർഗ്രേഡിന് അർഹതയുള്ള

സേവനകാലമായി പരിഗണിക്കാവുന്നതാണ്. അപ്രകാരം നിശ്ചയിക്കപ്പെട്ട വർഷങ്ങൾക്കുള്ളിൽ ക്രമപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചിട്ടില്ലാത്തവർക്കാണ് സമയബന്ധിത ഹയർഗ്രേഡിന് അർഹതയുള്ളത്.

12. റേഷൻ ഷോപ്പ് മാനേജർ, സെയിൽസ്മാൻ, ബിൽ കളക്ടർ, നൈറ്റ് വാച്ച്മാൻ, പ്യൂൺ, അറ്റൻഡർ, ഡ്രൈവർ തുടങ്ങി ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് താഴെയുള്ള എല്ലാ തസ്തികകളും സബ് -സ്റ്റാഫ് കാറ്റഗറിയിൽ ഉൾപ്പെടുന്നതാണ്.

13. (1)സമയബന്ധിത ഹയർഗ്രേഡുകളുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നതിന് ചുവടെ പറയുന്ന മാനദണ്ഡം പാലിക്കേണ്ടതാണ്.

എ. ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ള, ഉദ്യോഗക്കയറ്റത്തിന് അർഹതയും നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാർക്ക് , ഫീഡർ കാറ്റഗറിയിലെ പ്രൊമോഷൻ തസ്തികയ്ക്ക് അനുബന്ധം 2 ൽ നൽകിയിട്ടുള്ള അർഹതപ്പെട്ട ശമ്പള സ്കെയിൽ ഗ്രേഡ് സ്കെയിലായി അനുവദിക്കാവുന്നതാണ്.

ബി. ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറി പ്രകാരം തസ്തിക ഉണ്ടെങ്കിലും പ്രൊമോഷൻ തസ്തികയ്ക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത ക്ലാർക്ക് /ടൈപ്പിസ്റ്റ് സമാന തസ്തികകൾക്ക് താഴെയുള്ള ജീവനക്കാർക്ക് എട്ട് വർഷം പൂർത്തിയാകുമ്പോൾ അനുബന്ധം 1 ലെ ടിയാളുടെ നിലവിലുള്ള സ്കെയിലിന്റെ തൊട്ടുമുകളിലുള്ള ശമ്പള സ്കെയിലും, 16 വർഷം പൂർത്തിയാകുമ്പോൾ അതിന് മുകളിലുള്ള ശമ്പള സ്കെയിലും 23 വർഷം പൂർത്തിയാകുമ്പോൾ അതിന് മുകളിലുള്ള ശമ്പള സ്കെയിലും 28 വർഷം പൂർത്തിയാകുമ്പോൾ അതിന് മുകളിലുള്ള ശമ്പള സ്കെയിലും ഗ്രേഡ് സ്കെയിലായി നൽകാവുന്നതാണ്. ഇപ്രകാരമുള്ള സമയബന്ധിത ഹയർഗ്രേഡുകൾ സൂചന സർക്കാർ ഉത്തരവ് പ്രകാരം ശമ്പളം പരിഷ്കരിച്ചിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളുടേയും എല്ലാ ക്ലാസ്സുകളിലും ഉൾപ്പെട്ട ജീവനക്കാർക്കും ബാധമായിരിക്കുന്നതാണ്.

സി. ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറി പ്രകാരം ഉയർന്ന തസ്തികയല്ലാത്ത നേരിട്ട് നിയമനം നടത്തിയിട്ടുള്ള ചീഫ് എക്സിക്യൂട്ടീവ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് എട്ട് വർഷം തൊട്ട മുകളിലത്തെ സ്കെയിലും, പതിനാറ് വർഷം പൂർത്തീകരിക്കുമ്പോൾ അതിന് തൊട്ട മുകളിലത്തെ ശമ്പള സ്കെയിലും അനുവദിക്കാവുന്നതാണ്.

ഡി. സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് മേൽ നിർദ്ദേശ പ്രകാരം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ശുപാർശ ചെയ്ത് ആഡിറ്റർ/കൺകറന്റ് ആഡിറ്റർക്ക് നൽകേണ്ടതും, ടിയാൻ ആയത് ജീവനക്കാരന്റെ സേവന പുസ്തകം സർക്കാർ ഉത്തരവുകൾ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസരണമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം, സെക്രട്ടറിയുടെ ശുപാർശയും, ആഡിറ്റർ/കൺകറന്റ് ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തലിന്റേയും , അടിസ്ഥാനത്തിൽ സംഘം ഭരണ സമിതിക്ക് തന്നെ സമബന്ധിത ഹയർഗ്രേഡ് അനുവദിക്കാവുന്നതാണ് എന്നാൽ ചീഫ് എക്സിക്യൂട്ടീവിന്റെ സമയബന്ധിത ഹയർഗ്രേഡ് ഇപ്രകാരം ഭരണസമിതി അനുമതി ലഭിച്ചാൽ ബന്ധപ്പെട്ട ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

13. (2)പ്രാഥമിക സഹകരണ സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയിന്മേൽ ഭരണസമിതി/എക്സിക്യൂട്ടീവ് കമ്മിറ്റി പുതിയ സ്കെയിലിൽ

ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ സസ്പെൻഷനിൽ ഇരിക്കുന്ന ജീവനക്കാർ അവർ സർവീസിൽ തിരികെ പ്രവേശിച്ചതിന് ശേഷം 3 മാസത്തിനകം ശമ്പളം പരിഷ്കരിക്കുന്നതിന് അപേക്ഷ നൽകാവുന്നതും , അപ്രകാരം ശമ്പളവും അലവൻസുകളും നിർണ്ണയിച്ചിട്ടുള്ളത് ശരിയാണെന്ന് ബാങ്കിന്റെ/സംഘങ്ങളുടെ ആഡിറ്റർ /കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

14. 01.04.2019 നോ, അതിനു ശേഷമോ നടന്നിട്ടുള്ള നിയമനങ്ങൾ , ഉദ്യോഗക്കയറ്റങ്ങൾ എന്നിവയ്ക്ക് അതാത് തസ്തികയുടെ പുതുക്കിയ ശമ്പള സ്കെയിലിൽ അനുവദിച്ച നൽകേണ്ടതാണ്.
15. സഹകരണ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെയും ബാങ്കിന്റെ / സംഘങ്ങളുടെ ആഡിറ്റർ /കൺകറന്റ് ആഡിറ്ററുടേയും സാക്ഷ്യപ്പെടുത്തലിന്റേയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളം സംഘം ഭരണസമിതി നിർണ്ണയിച്ച നൽകേണ്ടതാണ് . എന്നാൽ സംഘത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ശമ്പള നിർണ്ണയം , സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റേയും, ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തലിന്റേയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ജോയിന്റ് രജിസ്ട്രാർ(ജനറൽ) അംഗീകരിച്ച നൽകേണ്ടതാണ്.
16. ശമ്പള പരിഷ്കരണ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയമോ, അപാകതയോ ഉണ്ടെങ്കിൽ , സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ് അതാത് ജില്ലകളിലെ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന്റെ ശ്രദ്ധയിൽപ്പെടുത്തി മാർഗ്ഗനിർദ്ദേശം വാങ്ങേണ്ടതാണ്. പൊതുവായ വിശദീകരണമോ, വ്യാഖ്യാനമോ ആവശ്യമുണ്ടെങ്കിൽ ആയത് സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
17. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംഘങ്ങളെ സംബന്ധിച്ചിടത്തോളം പ്രസ്തുത സംഘങ്ങളെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ നിന്നും നിശ്ചിത കാലത്തേക്ക് ഒഴിവാക്കുന്നതിന് കാര്യകാരണ സഹിതം ബന്ധപ്പെട്ട ഭരണസമിതി തീരുമാനിച്ച് അപേക്ഷിക്കേണ്ടതും, ആയത് പരിശോധിച്ച് യുക്തമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ശമ്പളം പരിഷ്കരണം നടപ്പാക്കുന്നതിൽ നിന്നും ഇളവനുവാദം നിശ്ചിത കാലയളവിലേക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകുന്നതുമാണ്.

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങളും വിശദീകരണങ്ങളും ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങളുടെ ശ്രദ്ധയിൽകൊണ്ടു വരേണ്ടതും , ശമ്പള നിർണ്ണയം ശരിയായ വിധത്തിൽ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. താലൂക്കിലെ ഇൻസ്പെക്ടർമാരും , ആഡിറ്റർമാരും തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട സഹകരണ സംഘങ്ങളിൽ ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളത് പരിശോധിക്കേണ്ടതും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയവ പരിഹരിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

ഒപ്പ്
ജെറോമിക് ജോർജ്ജ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളും

3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും,, ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
5. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
6. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/സ്ഥാപനങ്ങൾക്കും, (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എഡിറ്റർ, സഹകരണ വീഥി
8. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി
9. സ്റ്റോക്ക് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)

**STATEMENT OF FIXATION OF PAY CONSEQUENT TO REVISION OF SCALES OF PAY AS PER GO.(P)No.32/2021/Co-op. dated 15.02.2021**

| | | |
|---|---|---|
| 1 | Name of society/bank | : |
| 2 | Classification of Society as on 01.04.2019 | : |
| 3 | Name of employee | : |
| 4 | Designation (as on 1.4.2019) | : |
| 5 | Effective date of Pay Revision | : 1.4.2019 |
| 6 | Date of entry in regular service | : |
| 7 | Number of completed years of qualifying service as on 1.4.2019 (refer para of.circular | : |
| 8 | Existing Scale of Pay | : |
| 9 | Revised scale of pay | : |
| 10 | Basic pay as on 1.4.2019(including annual increment fell due on 1.4.2019 of stagnation increment of any) | : |
| 11 | Add 45% DA of basic pay on 1.4.2019 | : |
| 12 | Total (Column 10 + 11) | |
| 13 | Add 7% of the total in column no.12 towards fitment benefit(para 1 (IV) of GO) | |
| 14 | Service weightage if any @ ½ % of basic pay in column 10 for every complete years of qualifying service subject to a maximum of 12% | |
| 15 | Total (column 12 + 13+ 14) | |
| 16 | Next Stage in the revised scale | |
| 17 | Basic pay fixed as on 1.4.2019 (if the amount exceeds the maximum of revised scale of basic pay may be fixed at the maximum of the revised scale of pay and the difference shall be treated as Personal Pay which will not be absorbed in future increase and will be treated as part of Basic pay. | : |
| 18 | Date of next increment (date of increment in the pre-revised scale ) | : |

| | | |
|---|---|---|
| 19 | <table><tr><td>Admissible DA</td><td>Rate</td></tr><tr><td>01.04.2019</td><td>57%</td></tr><tr><td>01.07.2019</td><td>63%</td></tr><tr><td>01.01.2020</td><td>70%</td></tr><tr><td>01.07.2020</td><td>76%</td></tr></table> | : |
| 20 | Remarks/Recommendation | : |

Signature of Head of Office